**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **29-01-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിലെ നവകേരള സദസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ നവകേരള സദസ്സിൽ എത്ര പരാതികൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര പരാതികൾക്ക് പൂർണമായ പരിഹാരം കാണുവാൻ സാധിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 5754 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ട നിവേദനങ്ങൾ അതത് വകുപ്പുകൾക്ക് നടപടിക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന- ജില്ലാതലങ്ങളൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ ഉത്തവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പരിഹരിച്ച പരാതികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | 5754 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പരാതികൾ ഒന്നിലധികം വകുപ്പുമായി ബന്ധപ്പെട്ട നിവേദനങ്ങൾ അതത് വകുപ്പുകൾക്ക് നടപടിക്കായി പ്രത്യേകം പ്രത്യേകം നൽകുമ്പോൾ നടപടിയെടുക്കേണ്ട വിഷയങ്ങളുടെ എണ്ണത്തിൽ വ്യത്യാസം വരും. നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാന- ജില്ലാതലങ്ങളൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും |

| | | | |
|---|---|---|---|
| | | | തീർപ്പ് കൽപിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ള പരാതികൾ തരംതിരിച്ച് അതിൽ പൊതുതീരുമാനം കൈക്കൊള്ളുന്നതാണ്. നിലവിലുള്ള ചട്ടങ്ങളിലൊ ഉത്തരവുകളിലൊ മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ അക്കാര്യവും പരിഗണിക്കുന്നതാണ്. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മഞ്ചേരി മണ്ഡലത്തിൽ ഏത് വിഷയത്തിലാണ് ഏറ്റവും കൂടുതൽ പരാതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് വീടിനും, സഹകരണ വകുപ്പുമായും, ലീഡ് ബാങ്കുമായും ബന്ധപ്പെട്ട് വായ്പയിൽ ഇളവനുവദിക്കുന്നതിനുമുള്ള പരാതികളാണ് മഞ്ചേരി മണ്ഡലത്തിൽ ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത്. |
| (ഡി) | മഞ്ചേരി മണ്ഡലത്തിലെ നവകേരള സദസ്സിന് എത്ര രൂപ ചെലവഴിച്ചു; ഏതൊക്കെ വിഭാഗങ്ങളിലാണ് പണം ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിനും ചെലവഴിക്കാനുള്ള പണം എവിടെ നിന്ന് കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ? | (ഡി) | മണ്ഡലാടിസ്ഥാനത്ത്തിൽ രൂപീകരിച്ച സംഘാടക സമിതികൾ സ്പോൺസർഷിപ്പിലൂടെയും മറ്റുമാണ് പരിപാടി സംഘടിപ്പിച്ചത്. ഇത് സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ